

# ക്ലിന്റ് എന്ന ചിത്രകലാ വിസ്മയം

ശാലിനി വി എസ് നായർ

**ഏഴു വയസ്സ് വരെ ജീവിച്ച് വലിയ ഒരു ചിത്രകാരനെപ്പോലെ സർഗ ഭാവന പ്രകടിപ്പിക്കുകയും കാൽ ലക്ഷത്തോളം ചിത്രങ്ങൾ വരക്കുകയും ചെയ്ത ക്ലിന്റ് എന്ന അത്ഭുത ബാലനെ പറ്റി കാൽ നൂറ്റാണ്ടിനു ശേഷവും സിനിമകളും പുസ്തകങ്ങളും ഇറങ്ങുന്നു.**

കേരളത്തിൽ ജീവിച്ചിരുന്ന ക്ലിന്റ് എന്ന ഒരു കുഞ്ഞു ചിത്രകാരനെ പറ്റി കൂട്ടുകാർ കേട്ടിട്ടുണ്ടോ? പിച്ചവെച്ചു തുടങ്ങും മുമ്പേ വരകളുടെ ലോകത്തിലേക്ക് ചുവടു വെച്ച ആ അത്ഭുതബാലൻ വെറും 6 വർഷവും 10 മാസവും 26 ദിവസവും മാത്രമേ ഈ സുന്ദരഭൂമിയിൽ ജീവിച്ചിരുന്നുള്ളൂ. എന്നാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ തന്റെ ചിത്രങ്ങളിലൂടെ ക്ലിന്റ് ഏവരെയും അതിശയിപ്പിച്ചു.

ചില ദിവസങ്ങളിൽ എട്ടു മണിക്കൂർ വരെ ക്ലിൻറ് ചിത്രരചനയിൽ ഏർപ്പെട്ടിരുന്നു. 1983 ഏപ്രിൽ 15-ന് വൃക്കരോഗം ഗുരുതരമായതിനെത്തുടർന്ന് താൻ വരച്ച 25,000 ചിത്രങ്ങൾ ബാക്കിയാക്കി ആ ബാലൻ ഈ ലോകത്തോട് വിടപറഞ്ഞു.

## ചിത്രരചനയുടെ ആരംഭകാലം

1976 മെയ് മാസം 19-ന് ചിന്നമ്മയുടെയും ജോസഫിന്റെയും മകനായി ക്ലിന്റ് ജനിച്ചു. പ്രശസ്ത ഹോളിവുഡ് താരം ക്ലിന്റ് ഈസ്റ്റ് വുഡിനോടുള്ള ആരാധനയാൽ മാതാപിതാക്കൾ എഡ്മണ്ട് തോമസ് എന്ന തങ്ങളുടെ ഏക പുത്രനെ ക്ലിന്റ് എന്ന് വിളിച്ചു. വെറും ആറു മാസം പ്രായമുള്ളപ്പോൾ തന്നെ ക്ലിന്റ് തന്റെ കൈയിൽ കിട്ടിയ ഇഷ്ടികക്കഷ്ണങ്ങളാൽ ചുവരുകളിൽ ചിത്രങ്ങൾ വരച്ചിരുന്നതായി അവന്റെ മാതാപിതാക്കൾ ഓർക്കുന്നു.

എന്നാൽ ഇതൊരു സാധാരണ സംഭവമായി മാത്രമേ അവർ കണക്കാക്കിയുള്ളൂ. ഏതൊരു കുഞ്ഞും ചെയ്യുന്ന കാര്യമായി അവർ ആ കുഞ്ഞു വരകളെ കണക്കാക്കി. സ്പോർട്സിൽ താൽപര്യമുണ്ടായിരുന്ന ക്ലിന്റിന്റെ അച്ഛനും അമ്മയും മകന്റെ കലാവിരുത് ആദ്യമൊന്നും തിരിച്ചറിഞ്ഞില്ല.

എന്നാൽ ഒരിക്കൽ ക്ലിന്റ് തറയിൽ വരച്ച വൃത്തത്തിന്റെ ആകൃതി അവരെ അത്ഭുതപ്പെടുത്തി. ഒരു


ക്ലിന്റ്

ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന ഭക്ഷ്യധാന്യം– ഗോതമ്പ്



*ക്ലിന്റ് വരച്ച ചിത്രങ്ങൾ*

അളവുകോലും ഇല്ലാതെ പൂർണമായി വളരെ കിറുകൃത്യമായി വരച്ച ആ വൃത്തത്തിലൂടെ ക്ലിന്റ് തന്റെ പ്രതിഭ വീട്ടുകാരെ അറിയിച്ചു.

തുടർന്ന് അവന് ചായപ്പെൻസിലുകളും മറ്റും അവർ വാങ്ങി നൽകി. ചുവരുകളിലാകെ ചിത്രങ്ങൾ പിറന്നു. ഒരിക്കൽ വീട്ടിലെത്തിയ ഒരു ചിത്രകാരൻ ആ കുഞ്ഞു ബാലൻ ചുവരിൽ കോറിയിട്ട ചിത്രങ്ങൾ കണ്ട് അതിശയിച്ചു. മകനെ ചിത്രകല പഠിപ്പിക്കണമെന്ന് ക്ലിന്റിന്റെ പിതാവ് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. എന്നാൽ ചിത്രകാരൻ അതിന് തയ്യാറായില്ല. ക്ലിന്റിന്റെ സ്വാഭാവികമായ ചിത്രരചന തുടരട്ടെയെന്ന് അദ്ദേഹം ഉപദേശിച്ചു.

ഏഴ് വയസ്സിനുള്ളിൽ ഇരുപത്തയ്യായിരത്തോ

## ക്ലിന്റ് എന്ന സിനിമ




അസാമാന്യ പ്രതിഭയായിരുന്ന ക്ലിന്റിന്റെ അനശ്വരജീവിതം അതേ പേരിൽ വെള്ളിത്തിരയിലെത്തി. ഹരികുമാർ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ മാസ്റ്റർ അലോക് ക്ലിന്റിനെ അവതരിപ്പിക്കുന്നു. ഉണ്ണി മുകുന്ദനും റീമ കല്ലിങ്ങലുമാണ് ക്ലിന്റിന്റെ മാതാപിതാക്കളെ അവതരിപ്പിച്ചത്.

3 വർഷത്തോളം നീണ്ട അണിയറ പ്രവർത്തനങ്ങൾക്കു ശേഷമാണ് ഈ സിനിമയുടെ ചിത്രീകരണം ആരംഭിച്ചത്. ആഗസ്റ്റ് മധ്യത്തിൽ കേരളത്തിൽ പ്രദർശനം ആരംഭിച്ചു.

ഹരികുമാറും, കഥാകൃത്തും പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമായ കെ.വി മോഹനകുമാറും സംയുക്തമായാണ് ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും ഒരുക്കിയത്. സെൻസർ ബോർഡംഗങ്ങളുടെ പ്രശംസക്ക് പാത്രമായ ഈ ചിത്രത്തിലൂടെ ക്ലിന്റിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൂട്ടുകാർക്ക് മനസ്സിലാക്കാനാകും.

## ക്ലിന്റിനെക്കുറിച്ചുള്ള പുസ്തകങ്ങൾ

മലയാളം, ഇംഗ്ലീഷ് ഭാഷകളിലായി ക്ലിന്റിന്റെ രണ്ട് ജീവചരിത്രങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്.

ക്ലിന്റിന്റെ കളിക്കൂട്ടുകാരിയായ അമ്മു നായർ എഴുതിയ 'ക്ലിന്റ് എ ബ്രീഫ് അവർ ഓഫ് ബ്യൂട്ടി'യും സെബാസ്റ്റ്യൻ പള്ളിത്തോട് എഴുതിയ 'നിറങ്ങളുടെ രാജകുമാരൻ' എന്ന പുസ്തകവും അകാലത്തിൽ പൊലിഞ്ഞ ഈ കൊച്ചുപ്രതിഭക്കുള്ള ആദരവാണ്.

കൂടാതെ ഈ അതുല്യപ്രതിഭയുടെ സ്മരണയിൽ കേരള ടൂറിസം വകുപ്പ് 58 രാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ആഗോളതല ചിത്രരചനാ മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.






ക്ലിന്റ് വരച്ച ചിത്രം

ളം മനോഹര ചിത്രങ്ങളാണ് തന്റെ ഹ്രസ്വമായ ജീവിതത്തിനുള്ളിൽ ക്ലിന്റ് വരച്ചു കൂട്ടിയത്. താൻ വരച്ച ചിത്രങ്ങൾ സൂക്ഷിച്ചുവയ്ക്കണമെന്ന് ക്ലിന്റ് അമ്മയോട് ആവശ്യപ്പെട്ടിരുന്നു. ഏതെങ്കിലും ചിത്രമോ മോഡലോ നോക്കി വരയ്ക്കുകയായിരുന്നില്ല ക്ലിന്റിന്റെ രീതി. ചുറ്റുപാടും കണ്ടതെന്തോ അതെല്ലാം മനസ്സിൽ ഓർത്തെടുത്താണ് ക്ലിന്റ് വരച്ചിരുന്നത്.

കുയിലും കാക്കയും പാമ്പും എലിയും മൂങ്ങയും മരപ്പട്ടിയും പൂച്ചയും പുലിയുമെല്ലാം അവന്റെ കുഞ്ഞുവിരലുകളാൽ പിറന്നു വീണു.

കാറിനും ബൈക്കിനും വിമാനത്തിനും പുറമെ കേട്ട കഥകളിലെയും കണ്ട സ്വപ്നങ്ങളിലെയും കഥാപാത്രങ്ങൾക്കും ചിത്രങ്ങളിലൂടെ ജീവൻ വെച്ചു. വീടിനു സമീപത്തെ ക്ഷേത്രോത്സവങ്ങൾ അവന്റെ ചിത്രങ്ങൾക്ക് വിഷയമായി. അങ്ങനെ പുരാണകഥാപാത്രങ്ങൾക്ക് പുറമെ പൂരവും തെയ്യവും ചിത്രങ്ങളായി മാറി.

### ക്ലിന്റിന് ലഭിച്ച അംഗീകാരങ്ങൾ

ചിത്രരചനാ മത്സരങ്ങളിൽ നിന്നും ക്ലിന്റ് നിരവധി പുരസ്കാരങ്ങൾ വാരിക്കൂട്ടി.

പതിമൂന്നോളം ചിത്രരചനാ മത്സരങ്ങളിൽ ക്ലിൻറ് സമ്മാനങ്ങൾ കരസ്ഥമാക്കിയിരുന്നു. 18 വയസ്സിൽ താഴെയുള്ളവർക്കായുള്ള ചിത്രരചനാ മത്സരത്തിൽ വെറും അഞ്ചു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ക്ലിന്റ് ഒന്നാം സ്ഥാനം നേടിയിരുന്നു.



ക്ലിന്റ് വരച്ച ചിത്രം